**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4094</u>** **<u>03-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഭക്ഷ്യധാന്യങ്ങൾ വീട്ടുകളിൽ എത്തിച്ച് നൽകാൻ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കടയിൽ പോയി ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് സന്നദ്ധ സേവകരായ ഓട്ടോറിക്ഷ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സാധനങ്ങൾ വീട്ടുകളിൽ എത്തിച്ച് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ നേരിട്ട് കടകളിലെത്താൻ കഴിയാത്ത അതിദരിദ്രരായ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻസാധനങ്ങൾ എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് സൗജന്യമായി വീട്ടിലെത്തിക്കുന്നതിന് ഓട്ടോറിക്ഷാത്തൊഴിലാളികളുടെ കൂട്ടായ്മയു മായി സഹകരിച്ച് **'ഒപ്പം'** എന്ന പദ്ധതി ആവിഷ്കരിക്കുകയും തൃശ്ശൂർ ജില്ലയിലെ പൂച്ചട്ടിയിൽ ടി പദ്ധതിയുടെ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭക്ഷ്യസുരക്ഷയിലൂടെ വിശപ്പുരഹിത കേരളം എന്ന ലക്ഷ്യം നേടുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമാ ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുക വഴി സംസ്ഥാനത്തെ പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടി '**വിശപ്പുരഹിത കേരളം**' പദ്ധതി ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അശരണർ, കിടപ്പുരോഗികൾ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്ത ഭക്ഷണം സൗജന്യമായി അവരുടെ താമസസ്ഥലത്ത് എത്തിച്ചു കൊടുക്കുകയും പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി "**സുഭിക്ഷ**" പദ്ധതിയുടെ കീഴിൽ ആവശ്യക്കാർക്ക് ഊണ് ഒന്നിന് 20/- രൂപ നിരക്കിൽ നൽകുന്നതിനായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിലായി 5 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്ക് വീട്ടുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്ന പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ആദിവാസി ഊരുകളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച '**സഞ്ചരിക്കുന്ന റേഷൻകട**' പദ്ധതിയിലൂടെ വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം കാര്യക്ഷമമായി നടത്തി വരുന്നു. 10 ജില്ലകളിലെ 134 ആദിവാസി മേഖലകളിൽ ടി പദ്ധതി പ്രകാരം റേഷൻവിതരണം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ